പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2032 13/06/2019-ൽ മറുപടിക്ക്

## പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി ) | |
| എ) | പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികൾക്ക് ഡിഫ്ത്തീരിയ, അഞ്ചാംപനി, വില്ലൻചുമ, മുണ്ടിനീര് എന്നീ അസുഖങ്ങൾ ബാധിക്കുന്നു എന്ന റിപ്പോർട്ടുകൾ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | എ) | ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. |
| ബി) | ഈ വർഷം ഇതുവരെ എത്ര കുട്ടികൾക്ക് ഡിഫ്ത്തീരിയ തുടങ്ങിയ അസുഖങ്ങൾ ബാധിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | 2019 ജനുവരി മുതൽ മെയ് മാസം വരെ ചുവടെ ചേർത്തിരിക്കുന്ന രോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ കുട്ടികളും മുതിർന്നവരും ഉൾപ്പെടുന്നു.<br>ഡിഫ്ത്തീരിയ -94<br>പെർട്ടുസസ് ( വില്ലൻ ചുമ ) 56<br>മീസിൽസ് ( അഞ്ചാം പനി) 556 |
| സി) | അസുഖം ബാധിച്ചവർ പ്രതിരോധ കുത്തിവയ്പുകൾ എടുക്കാത്തവരാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രതിരോധ കുത്തിവയ്പ്പ് എല്ലാ കുട്ടികൾക്കും നിർബന്ധമായും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | സി) | അസുഖം ബാധിച്ചവരിൽ ഭൂരിഭാഗം പേരും ദേശീയ പ്രതിരോധ കുത്തിവെയ്പ്പ് പട്ടിക (Universal Immunisation Programme) പ്രകാരം കുത്തിവെയ്പുകൾ എടുക്കാത്തവരാണ്. പ്രതിരോധ കുത്തിവെയ്പുകൾ എടുക്കാത്തവർക്കും ഭാഗികമായി എടുത്തവർക്കും പ്രതിരോധ കുത്തിവെയ്പുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പ്രതിരോധ കുത്തിവെയ്പുകൾ സംബന്ധിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ